**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 993** **06-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ കുഴൽകിണർ ഡ്രില്ലിംഗ് റിഗ്ഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ഭൂഗർഭ ജലവകുപ്പിൽ കുഴൽകിണർ നിർമ്മിക്കുന്നതിനുള്ള ഡ്രില്ലിംഗ് റിഗ്ഗ് ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ കുഴൽക്കിണർ നിർമ്മാണത്തിനായി ഒരു Rotary – cum – DTH റിഗ്ഗ് ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എപ്പോൾ എത്ര രൂപ ചെലവിട്ടാണ് ഈ റിഗ്ഗ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ; | (ബി) | 2010 ജൂലൈ മാസത്തിൽ 88,33,000/- രൂപ ചെലവഴിച്ചാണ് പ്രസ്തുത റിഗ്ഗ് വാങ്ങിയത്. |
| (സി) | പ്രസ്തുത റിഗ്ഗ് ഉപയോഗിച്ച് ആകെ എത്ര കുഴൽകിണർ കുഴിച്ചിട്ടുണ്ടെന്നും എത്ര ലക്ഷം രൂപയുടെ കുഴൽകിണറുകളാണ് കുഴിച്ചതെന്നും വ്യക്തമാക്കുമോ; | (സി) | പ്രസ്തുത റിഗ്ഗ് ഉപയോഗിച്ച് 1,33,43,445/- രൂപയുടെ 242 കുഴൽക്കിണറുകൾ കുഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റിഗ്ഗ് ഇപ്പോൾ ഉപയോഗശൂന്യമായി മാറിയിട്ടുണ്ടോ; എങ്കിൽ എത്രകാലമായി ഈ അവസ്ഥ തുടരുന്നുവെന്ന് വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത റിഗ്ഗ് ഇപ്പോൾ ഉപയോഗശൂന്യമായി മാറിയിട്ടില്ല. ടി റിഗ്ഗ് അറ്റകുറ്റപ്പണികൾക്കായി ഡിപ്പാർട്ട്മെന്റിന്റെ കൊല്ലം ജില്ലയിലെ വർക്ക്ഷോപ്പ് ആന്റ് സ്റ്റോഴ്സിൽ ഗ്യാരേജ് ചെയ്തിരിക്കുകയാണ്. പ്രസ്തുത റിഗ്ഗിന് 4,26,062/- രൂപയുടെ അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്തിനുള്ളിൽ ഈ റിഗ്ഗ് കുഴൽക്കിണർ നിർമ്മാണത്തിന് പ്രവർത്തനയോഗ്യമാക്കുന്നതാണ്. |
| (ഇ) | നിലവാരമില്ലാത്ത ഡ്രില്ലിംഗ് റിഗ്ഗ് ഉയർന്ന വില നൽകി വാങ്ങിയതാണ് ഉപയോഗശൂന്യമായി മാറാൻ കാരണമെന്നത് ശരിയാണോയെന്നും അതേക്കുറിച്ച് അന്വേഷണം നടത്തുമോയെന്നും വ്യക്തമാക്കാമോ; | (ഇ) | ശരിയല്ല. കുഴൽക്കിണർ നിർമ്മാണത്തിനിടെ സംഭവിക്കാവുന്ന അറ്റകുറ്റപ്പണികൾ മാത്രമാണ് നിലവിൽ റിഗ്ഗിന് സംഭവിച്ചിട്ടുള്ളത്. ഉടനെ പ്രവർത്തനയോഗ്യമാക്കുന്നതാണ്. |
| (എഫ്) | പ്രസ്തുത ഡ്രില്ലിംഗ് റിഗ്ഗുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന സർക്കാർ ജീവനക്കാർ എത്രയാണെന്നും തൊഴിൽ രഹിതരായ അവരെ പുനർവ്യന്യസിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (എഫ്) | പ്രസ്തുത റിഗ്ഗുമായി ബന്ധപ്പെട്ട് ഡ്രില്ലിംഗ് നടത്തുന്നതിന് നിലവിൽ 7 ജീവനക്കാരാണുള്ളത്. ഇവരെ ഭൂജലവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ, കുഴൽക്കിണർ നിർമ്മാണം, കുഴൽക്കിണർ അധിഷ്ഠിത കുടിവെള്ള പദ്ധതികൾ |

| | | | |
|---|---|---|---|
| | | | തുടങ്ങിയവയുടെ സൂപ്പർവിഷൻ ജോലികൾക്കായി നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ